പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3846 — 21.10.2016 ലെ മറുപടിയ്ക്ക്

**ചാത്തൻകാവ് പ്രദേശത്തെ വാഴ കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കുന്ദമംഗലം കൃഷിഭവൻ പരിധിയിലുള്ള ചാത്തൻകാവ് പ്രദേശത്തെ കൃഷിക്കാരുടെ പതിനായിരത്തിലധികം വരുന്ന വാഴകൾ 2014 ലെ കാലവർഷക്കെടുതിയിൽ നശിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) കൃഷിക്കാർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷയിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; | (ബി) | 2013 ജൂലൈ മുതൽ നഷ്ടപരിഹാരം നൽകാനുണ്ട്. അർഹമായ നഷ്ടപരിഹാര തുക കർഷകർക്ക് അനുവദിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിൽ കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ഫണ്ടിന്റെ അപര്യാപ്തതമൂലം കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ കാലതാമസം ഉണ്ടാകാറുണ്ട്. 2012 മുതൽ കൃഷിനാശം സംഭവിച്ച കൃഷിക്കാർക്കുള്ള നഷ്ടപരിഹാര തുക നൽകിയിട്ടില്ല. |
| (ഡി) പ്രസ്തുത വിഷയത്തിൽ എപ്പോൾ നഷ്ടപരിഹാരം ലഭ്യമാക്കുമെന്ന് അറിയിക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ